# 13-ാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ:2555 01/04/2013-ൽ മറുപടിയ്ക്ക്**

**തൊഴിൽ രഹിതരായ പട്ടികവർഗ്ഗ യുവതികൾക്ക് ഓട്ടോറിക്ഷ വാങ്ങി നൽകുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | തൊഴിൽ രഹിതരായ പട്ടികവർഗ്ഗ യുവതികൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകി ഓട്ടോറിക്ഷ വാങ്ങി നൽകുന്ന പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; | (എ), (ബി), (സി) & (ഡി) | ഉണ്ട്. 2012-2013 സാമ്പത്തിക വർഷം തൊഴിൽ രഹിതരായ 500 പട്ടികവർഗ്ഗ യുവതികൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകി ഓട്ടോറിക്ഷ വാങ്ങി നൽകുന്ന പദ്ധതിയ്ക്ക് 1,000/- രൂപ ടോക്കൺ പ്രൊവിഷനായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ടി പദ്ധതിയ്ക്കായി 14.11.2012 ലെ സ. ഉ. (എം.എസ്)നം.137/2012/പജപവവിവ പ്രകാരം 8,14,48,000/- രൂപയുടെ (എട്ട് കോടി പതിനാല് ലക്ഷത്തി നാല്പത്തിയെട്ടായിരം രൂപ മാത്രം) ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടത്തിപ്പ് പ്രാരംഭ ഘട്ടത്തിലാണ്. |
| (ബി) | ഉണ്ടെങ്കിൽ 2012-2013 ബഡ്ജറ്റിൽ ഇതിനായി എന്ത് തുക അനുവദിച്ചിട്ടുണ്ട്; എന്ത് തുക ചെലവാക്കി; വിശദമാക്കുമോ; | | |
| (സി) | ഈ പദ്ധതിയിൽ എത്ര പേർക്ക് പരിശീലനം നൽകി; എത്ര പേർക്ക് ഓട്ടോറിക്ഷ നൽകി; വിശദമാക്കുമോ; | | |
| (ഡി) | ഈ പദ്ധതി പ്രകാരം ആകെ എത്ര ഓട്ടോറിക്ഷകൾ വാങ്ങിയിട്ടുണ്ട്; അവയുടെ വില എത്രയാണ്; ഏത് കമ്പനിയിൽ നിന്നുമാണ് വാങ്ങിയത്; ഇതിനായി ടെണ്ടർ ക്ഷണിച്ചിരുന്നുവോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

**സെക്ഷൻ ആഫീസർ**